ചിറ്റാട്ടുകര പ്രൈമറി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സിക്കാൻ നടപടി

146 (1615) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റാട്ടുകര പ്രൈമറി ഹെൽത്ത് സെന്ററിന് ആവശ്യമായ കെട്ടിട സൗകര്യവും മറ്റും ഉണ്ടെങ്കിലും ഇവിടെ കിടത്തി ചികിത്സ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ കിടത്തി ചികിത്സ ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മതിയായ ജീവനക്കാരുടെ അഭാവമാണ് കിടത്തി ചികിത്സ ആരംഭിക്കാൻ കഴിയാത്തതിന് കാരണം.

(ബി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

ഉള്ളിയേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള നടപടി

147 (1616) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഉള്ളിയേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അനുവദിക്കപ്പെട്ട തസ്തികകൾ എത്രയാണ് ;

(ബി) നിലവിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇവിടെ രോഗികളെ കിടത്തി ചികിത്സിക്കുകയുണ്ടായോ ; ഇല്ലെങ്കിൽ കിടത്തി ചികിത്സിക്കാതിരിക്കാനുള്ള കാരണം വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ ഉള്ളിയേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം 27 ആണ്.

(ബി) ഒരു മെഡിക്കൽ ഓഫീസർ 2002 മുതൽ ദീർഘകാല അവധിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇവിടെ രോഗികളെ കിടത്തി ചികിത്സിച്ചിട്ടില്ല. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആവശ്യമുള്ളത്ര തസ്തികകൾ സൃഷ്ടിക്കാത്തതുമൂലം സ്റ്റാഫുകളുടെ കുറവുണ്ട്. ഒരു മെഡിക്കൽ ഓഫീസർ അവധിയിലാണ്. ശുദ്ധജലത്തിന്റെ അഭാവം പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) അധിക തസ്തിക സൃഷ്ടിക്കുന്ന മുറയക്ക് മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയൂ.

കണ്ണൂർ ജില്ലയിലെ ഗവൺമെന്റ് ആശുപത്രികളിൽ ചികിത്സാസൗകര്യം മെച്ചപ്പെടുത്താൻ നടപടി

148 (1617) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ആകെ എത്ര ഗവൺമെന്റ് ആശുപത്രികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും നിലവിലുണ്ട് ;

(ബി) ഓരോ ആശുപത്രിയിലെയും തസ്തികകളും നിലവിലുള്ള ജീവനക്കാരുടെ എണ്ണവും എത്രയെന്നുള്ള കണക്കുകൾ സഹിതം ലഭ്യമാക്കുമോ ;

(സി) രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള എത്ര ആശുപത്രികളാണ് ജില്ലയിൽ ഇപ്പോഴുള്ളത്, ഇവ ഏതെല്ലാം ;

(ഡി) ഈ ആശുപത്രികളിൽ പ്രസവമുറികളുള്ള എത്ര ആശുപത്രികൾ ആണുള്ളതെന്നും അവ ഏതെല്ലാമാണെന്നും പറയാമോ ;

(ഇ) പ്രസവ മുറികളുള്ള ആശുപത്രികളിലെല്ലാം ഗൈനക്കോളജിസ്റ്റുകളെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നിയമിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ആകെ 17 ഗവൺമെന്റ് ആശുപത്രികളും 80 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും 408 ഉപകേന്ദ്രങ്ങളും നിലവിലുണ്ട്.

(ബി) വിശദവിവരം *അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ആരോഗ്യ വകുപ്പിന് കീഴിലുള്ള താഴെപ്പറയുന്ന 9 ആശുപത്രികളിൽ കിടത്തി ചികിത്സ ലഭ്യമാണ്.

1. ജില്ലാ ആശുപത്രി, കണ്ണൂർ
2. ജനറൽ ആശുപത്രി, തലശ്ശേരി
3. താലൂക്ക് ആശുപത്രി, തളിപ്പറമ്പ്
4. ഗവൺമെന്റ് ആശുപത്രി, കൂത്തുപറമ്പ്
5. ഗവൺമെന്റ് ആശുപത്രി, വളപട്ടണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly